പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2304 **27-10-2026-ൽ മറുപടിയ്ക്ക്**

ട്രാവൻകൂർ ടൈറ്റാനിയം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. എൻ. ബാലഗോപാൽ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. ജി. സ്റ്റീഫൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ എട്ട് ദശാബ്ദത്തെ ചരിത്രത്തിൽ ആദ്യമായി തുടർച്ചയായ രണ്ട് മാസങ്ങളിൽ ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, അനാരോഗ്യകരമായി ചൈനയിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി മൂലമുണ്ടായ ഉൽപ്പന്നത്തിന്റെ വിലത്തകർച്ച, ഉയർന്ന ഉല്പാദനചിലവ്, തുടർച്ചയായ നഷ്ടം മൂലമുണ്ടായ സാമ്പത്തിക ബാദ്ധ്യത എന്നിവ കാരണം കമ്പനി പ്രതിസന്ധി നേരിടുന്നതിനാലാണ് ഇങ്ങനെ സംഭവിച്ചത്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിച്ചിരുന്നോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

മറുപടി: മൂല്യ വർദ്ധിത ഉത്പന്നങ്ങളായ "Catalytic Grade Titanium Dioxide", "Pharma Grade Titanium Dioxide" എന്നിവ കമ്പനി ഉത്പാദിപ്പിക്കുന്നുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് ഇലക്ട്രിക് വാഹനങ്ങൾക്കുള്ള അസംസ്കൃത വസ്തു നിർമ്മിക്കുന്നതിന് ഐ.എസ്.ആർ.ഒ.യുമായി ഒപ്പുവെച്ച ധാരണാപത്രം പ്രകാരമുള്ള തുടർനടപടി ഏത് ഘട്ടത്തിലാണ്;

മറുപടി: ഇലക്ട്രിക് വാഹനങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ ഗവേഷണവുമായി ബന്ധപ്പെട്ട് EV കൺസോർഷ്യം വഴി K-Disc - മായിട്ടാണ് ധാരണാപത്രം ഒപ്പുവച്ചിരിക്കുന്നത്. പ്രസ്തുത ധാരണാപത്രത്തിന്റെ കാലാവധി 2027 വർഷത്തേയ്ക്ക് സർക്കാർ നീട്ടി നൽകിയിട്ടുണ്ട്. ഇതുവരെ 60 കിലോഗ്രാമോളം Electrode രാസവസ്തുക്കൾ VSSC-യ്ക്ക് നൽകിയിട്ടുണ്ട്.

(ഡി) സ്വകാര്യ മേഖലയിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി ടൈറ്റാനിയത്തെ സർക്കാർ അവഗണിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടില്ല. നിലവിലെ പ്രതിസന്ധികൾ പരിഹരിച്ച് മൂല്യവർദ്ധിത വസ്തുക്കളുടെ അടക്കം ഉത്പാദനം വർദ്ധിപ്പിച്ച് കമ്പനിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ്

സർക്കാർ സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ